5. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗ്ഗങ്ങൾ വിപുലീകരിക്കുന്നതിനായി, ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, കേജ് ഫാമിംഗ് പോലുള്ള പദ്ധതികൾ മുതലായവ തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്തു.

6. ഇതിനായി കരിമീൻ, കാളാഞ്ചി, ചെമ്പല്ലി മുതലായ മത്സ്യ ഇനങ്ങളെ ഉപയോഗിച്ചുകൊണ്ടും പ്രദേശത്തെ ഉൾനാടൻ മത്സ്യത്തൊഴിലാളികളെ ഭാഗഭാക്കാക്കി ക്കൊണ്ടും ഓപ്പൺ വാട്ടർ കേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്തു. അതോടൊപ്പം മത്സ്യവിത്ത്, തീറ്റ എന്നിവയുടെ ഉത്പാദനം, മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ വിപണനം മുതലായവയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുവാൻ വേണ്ട വിവിധ പദ്ധതികൾ സമിതി ശിപാർശ ചെയ്തു.

7. വേമ്പനാട്, അഷ്ടമുടി പ്രദേശങ്ങളിൽ കാണപ്പെട്ടുവരുന്ന നിയമ വിരുദ്ധവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികൾ തടയുന്നതിനും നിർത്തലാക്കുന്നതിനുമുള്ള നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

(ഡി) ഉണ്ട്.

വിവിധ പദ്ധതികൾക്കുള്ള കേന്ദ്രസഹായം

6 (*366) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം ജലവിഭവ വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുവാൻ സാധ്യതയുള്ളത് ;

(ബി) ഓരോ പദ്ധതികളുടെയും വിശദവിവരങ്ങൾ നൽകുമോ ;

(സി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ എത്ര ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ജലസേചന വകുപ്പ്

ഈ സാമ്പത്തിക വർഷം ജലസേചന വകുപ്പിന് 'Repair Renovation & Restoration (RRR) of Water Bodies' എന്ന പദ്ധതിക്ക് കേന്ദ്രത്തിന്റെ ധനസഹായം ലഭിക്കുവാൻ സാധ്യതയുണ്ട്.

കേരള ജല അതോറിറ്റി

സംസ്ഥാനത്ത് 'ഗ്രാമീണ മേഖലയിലെ കുടിവെള്ള പദ്ധതികൾ'ക്കായി കേന്ദ്രസർക്കാരിന്റെ കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായം ലഭിച്ചു വരുന്നുണ്ട്. 'കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്കും ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി'-ക്കായി 67% വും, 'ജലസ്രോതസ്സുകളുടെ ലഭ്യത ഉറപ്പു വരുത്തൽ' പദ്ധതിക്കായി 10% വും, 'പദ്ധതി നടത്തിപ്പ്/പരിപാലന ചെലവിനായി 15% വും, 'ജലഗുണനിലവാര പരിശോധന സംവിധാനം നടപ്പാക്കലും പരിശോധനയും' 3% വും 'പരിശീലന ബോധവൽക്കരണ പരിപാടികളും കമ്പ്യൂട്ടർവൽക്കരണവും' ആയി 5% വും കേന്ദ്രസഹായം ലഭിക്കുന്നുണ്ട്.

പ്രോജക്ട്സ് II

ഈ ഓഫീസിനു കീഴിൽ വരുന്ന മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ revised project report എ.ഐ.ബി.പി.-യ്ക്ക് കീഴിൽ സെൻട്രൽ ലോൺ അസിസ്റ്റൻസ് (സി.എൽ.എ.) ലഭിക്കുന്നതിനുവേണ്ടി സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് ഈ വർഷം എ.ഐ.ബി.പി. യുടെ ധനസഹായം ലഭിക്കാനിടയുണ്ട്.

ഭൂജല വകുപ്പ്

ഭൂജല വകുപ്പിന് കീഴിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ട്- (വിദേശ സഹായ കേന്ദ്രാവിഷ്കൃത പദ്ധതി) ന് കേന്ദ്രധനസഹായം ലഭിക്കാനിടയുണ്ട്.

കുട്ടനാട് പാക്കേജ്

കുട്ടനാട് പാക്കേജിൽപ്പെടുത്തി തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം, തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ എന്നിവയ്ക്കാണ് ഈ വർഷം കേന്ദ്ര സഹായം ലഭിക്കുവാൻ സാദ്ധ്യതയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കാഡ

കാഞ്ഞിരപ്പുഴ, കല്ലട, എന്നീ പദ്ധതികൾക്കാണ് കേന്ദ്രസർക്കാർ ധനസഹായം ലഭിക്കുവാൻ സാധ്യതയുള്ളത്.

(ബി)

ജലസേചന വകുപ്പ്

കുളങ്ങളുടെ നവീകരണവും പുനരുദ്ധാരണവും പുനഃസ്ഥാപിക്കലുമാണ് Repair Renovation & Restoration (RRR) of Water Bodies എന്ന പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം 2 ഹെക്ടറിന് മേൽ Water spread area യുള്ള കുളങ്ങൾ മാത്രമേ ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തുവാൻ പാടുള്ളൂ. കേരളത്തിന് അനുയോജ്യമായി കേന്ദ്ര മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി

ജലസ്രോതസ്സുകളുടെ ജലലഭ്യത ഉറപ്പു വരുത്തൽ, ജല ഗുണനിലവാര പരിശോധന നടപ്പാക്കൽ, പരിശീലന ബോധവൽക്കരണ പരിപാടികൾ, കമ്പ്യൂട്ടർവൽക്കരണം എന്നീ പദ്ധതികൾക്ക് 100% കേന്ദ്രസഹായവും കടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്കും ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി, പദ്ധതി നടത്തിപ്പ്/പരിപാലന ചെലവ് എന്നിവയ്ക്ക് 50% കേന്ദ്രസഹായവും ആണ് ലഭ്യമാകുന്നത്. എന്നാൽ 2015-16 ലെ വാർഷിക പദ്ധതി അവലോകന യോഗത്തിന്റെ നടപടിക്രമം അനുസരിച്ച് സംസ്ഥാനത്ത് ഫ്ളൂറൈഡ് ബാധിത പ്രദേശങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ മാത്രമേ 2015-16 സാമ്പത്തിക വർഷം നടപ്പാക്കേണ്ടതുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ 2015-16 സാമ്പത്തിക വർഷം ഏറ്റെടുക്കേണ്ട പദ്ധതികൾ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

പ്രോജക്ട് II

പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭൂജല വകുപ്പ്

1-10-2015 മുതൽ ദേശീയ തലത്തിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പിലാക്കുവാൻ കേന്ദ്രജല വിഭവമന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. ഇത് 50% ലോകബാങ്ക് സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. എട്ട് വർഷക്കാല യളവിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി രണ്ടു ഘട്ടങ്ങളായാണ് (2015-16 മുതൽ 2020-21 വരെയും) (2021-22 മുതൽ 2023-24 വരെയും) നടപ്പിലാക്കുന്നത്.

കുട്ടനാട് പാക്കേജ്

തണ്ണീർമുക്കം ബണ്ടിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് നാളിതുവരെ സംസ്ഥാന സർക്കാർ 43.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തോട്ടപ്പിള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി 47 കോടി രൂപയുടെ പദ്ധതിക്ക് സ്റ്റേറ്റ് റ്റി.എ.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇനി കേന്ദ്ര ഗവൺമെന്റ് അംഗീകാരം കൂടി ലഭിക്കേണ്ടതുണ്ട്. കുട്ടനാട് താലൂക്കിന്റേയും വീയപുരം പഞ്ചായത്തിലെയും 411 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി 1212.45 കോടി രൂപയുടെ പദ്ധതി സ്റ്റേറ്റ് റ്റി.എ.സി അംഗീകരിച്ചിട്ടുണ്ട്. ഇതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

കാഡ

50% കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായിട്ടാണ് കാഞ്ഞിരപ്പുഴ, കല്ലട പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി)

ജലസേചന വകുപ്പ്

Repair Renovation & Restoration (RRR) of Water Bodies എന്ന പദ്ധതിയ്ക്ക് 20 കോടി കണക്കാക്കിയിട്ടുണ്ട്. അടങ്കൽ തുകയുടെ 75% സംസ്ഥാന വിഹിതമാണ്.

കേരള ജല അതോറിറ്റി

കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങൾക്കും ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി, പദ്ധതി നടത്തിപ്പ്/പരിപാലന ചെലവ് എന്നിവയ്ക്ക് 50% സംസ്ഥാന സഹായം ആവശ്യമുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതം സംബന്ധിച്ച അന്തിമ വിവരം, പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ലഭിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ട്സ് II

കേന്ദ്ര വിഹിതത്തിന് അനുസൃതമായി, പദ്ധതിയുടെ സ്വഭാവമനുസരിച്ച്, സംസ്ഥാന വിഹിതവും വകയിരുത്തേണ്ടതുണ്ട്.

ഭൂജല വകുപ്പ്

ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കുവേണ്ടി പദ്ധതി തുക 40 കോടി രൂപയാണ്. ഇതിൽ സംസ്ഥാന സർക്കാർ വിഹിതം 25% ആണ്.

കുട്ടനാട് പാക്കേജ്

ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതിക്ക് 50% സംസ്ഥാന വിഹിതം ആവശ്യമാണ്.

കാഡ

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതവും ഡി.എ.ഡി.ഡബ്ല്യു.എം. മാർഗ്ഗരേഖകളും പ്രകാരം ഓരോ കാഡ പദ്ധതിയിലും പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കാഞ്ഞിരപ്പുഴ- 76.85 ലക്ഷം

കുറ്റ്യാടി - 182.35 ലക്ഷം

കടിവെള്ള സ്രോതസ്സുകൾ

7 (*367) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിവെള്ള സ്രോതസ്സുകൾ മലിനമാകാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതു പുറപ്പെടുവിക്കാനിടയാക്കിയ സാഹചര്യം വിശദമാക്കുമോ ;

(ബി) ഏതൊക്കെ വകുപ്പുകൾക്കും ഏജൻസികൾക്കുമാണ് ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുള്ളത് ;

(സി) ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും മോണിറ്ററിംഗിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly